LIBRARY ARCHIVES Kerala Legislative Assembly

സി.എച്ച്.സി.-കളായി ഉയർത്തിയ സ്ഥാപനങ്ങളുടെ വിശദാംശം

31 (479) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പി.എച്ച്.സി./ സി.പി.എച്ച്.സി.കളെയാണ് സി.എച്ച്.സി.കളായി ഉയർത്തിയത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) തൃത്താല മണ്ഡലത്തിൽ സി.എച്ച്.സി.കളായി ഉയർത്തപ്പെട്ട ചാലിശ്ശേരി, തൃത്താല ആശുപത്രികളിൽ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിന് പുതുതായി ഏതെങ്കിലും തസ്തിക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) തൃത്താല, ചാലിശ്ശേരി സി.എച്ച്. സെന്ററുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിന് പശ്ചാത്തലസൗകര്യം വികസിപ്പിക്കാനും സ്റ്റാഫ് പാറ്റേൺ ഉയർത്താനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലവാരം ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) തൃത്താല സി.എച്ച്.സി.-യിൽ ഒന്നരലക്ഷം രൂപ മുടക്കി ലാബ് നവീകരിച്ചിട്ടുണ്ട്. പുതിയ പ്രസവ വാർഡ് നിർമ്മിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(സി) രണ്ട് ആശുപത്രികൾക്കും ക്യു.സി.ഐ. (ക്വാളിറ്റി കൗൺസിൽ ഇൻഡ്യ)-യുടെ ലബോറട്ടറി അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

മുന്നിയൂർ പി.എച്ച്.സി.-യിൽ നിയമനങ്ങൾ നടത്താൻ നടപടി

32 (480) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഒരു പി.എച്ച്.സി.യിൽ നിലവിൽ നിഷ്കർഷിക്ക പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ എത്ര ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിലെ മുന്നിയൂർ പി.എച്ച്.സി.-യിൽ ഒരു ഡോക്ടറേയുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവിടുത്തെ രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് ആവശ്യമായ ഡോക്ടറേയും മറ്റ് സ്റ്റാഫുകളേയും സത്വരം നിയമിക്കാൻ നടപടി കൈക്കൊള്ളുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.